ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 02.02.2026

TIME : 07.25 PM

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതിയുടെ അഭിസംബോധനയിൻമേലുള്ള നന്ദിപ്രമേയ ചർച്ചകൾക്ക് പാർലമെൻറിൻറെ ഇരുസഭകളിലും ഇന്ന് തുടക്കമായി. ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ മറുപടി നൽകും.

   **Discussion on the Motion of Thanks to the President's Address began today in both Houses of Parliament. Prime Minister Narendra Modi will reply to the discussion in the Lok Sabha on Wednesday.**

2. പ്രതിപക്ഷ ബഹളത്തിൽ പാർലമെൻറ് പ്രക്ഷുബ്ധം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **Parliament was disrupted amid opposition uproar. Both Houses were adjourned for the day.**

3. കേരളത്തിലെ റെയിൽവേ വികസനത്തിന് 3,795 കോടി രൂപയുടെ റെക്കോഡ് വിഹിതമാണ് ബജറ്റിൽ ഇക്കുറി അനുവദിച്ചിരിക്കുന്നതെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്.

   **Railway Minister Ashwini Vaishnaw said a record allocation of ₹3,795 crore has been made in the budget this time for railway development in Kerala.**

4. സംസ്ഥാന ബജറ്റിൻമേലുള്ള പൊതു ചർച്ചയ്ക്ക് നിയമസഭയിൽ ഇന്ന് തുടക്കമായി. അടിയന്തര പ്രമേയ നോട്ടീസ് തള്ളിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭാ നടപടികൾ ബഹിഷ്കരിച്ചു.

**Discussion on the State Budget began in the Legislative Assembly today. The opposition boycotted the House proceedings in protest against the rejection of an adjournment notice.**

5. തൊണ്ടി മുതൽ തിരി മറിക്കേസിൽ മുൻ മന്ത്രി ആൻറണി രാജുവിൻറെ ശിക്ഷാ വിധി താത്കാലികമായി മരവിപ്പിച്ച് തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതി.

**The Thiruvananthapuram District Sessions Court has temporarily suspended the sentence of former minister Antony Raju in evidence tampering case.**

6. സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ നാളെ കേരളം അസമിനെ നേരിടും.

**In the Santosh Trophy football quarterfinal, Kerala will take on Assam tomorrow.**

## PARLIAMENT MOTION OF THANKS

പ്രതിപക്ഷ ബഹളത്തിൽ പാർലമെൻറ് പ്രക്ഷുബ്ധം . ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. രാഷ്ട്രപതിയുടെ അഭിസംബോധനയിൻമേലുള്ള നന്ദിപ്രമേയ ചർച്ചകൾക്ക് പാർലമെൻറിൻറെ ഇരുസഭകളിലും ഇന്ന് തുടക്കമായി. ലോക്സഭയിൽ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളാണ് ചർച്ച ആരംഭിച്ചത്. രാജ്യത്തിൻറെ ഭാവി മുൻനിർത്തിയുള്ള കാഴ്ചപ്പാടുകളാണ് രാഷ്ട്രപതിയുടെ അഭിസംബോധനയിൽ ഉണ്ടായിരുന്നതെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. സാമൂഹിക നീതി, സമഗ്ര വികസനം, വികസിത ഭാരതം

എന്നിവയിൽ സർക്കാരിൻറെ നിലപാടുകളാണ് ഇതിൽ പ്രതിഫലിച്ചിരുന്നത്. ആഗോള പ്രതിസന്ധിക്കിടയിലും ഇന്ത്യ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയായി തുടരുകയാണെന്നും ശ്രീ.സോനോവാൾ വ്യക്തമാക്കി. കേരളത്തിൽ നിന്നുള്ള എംപി സി.സദാനന്ദൻ മാസ്റ്റർ രാജ്യസഭയിൽ നന്ദിപ്രമേയ ചർച്ചകൾക്ക് തുടക്കം കുറിച്ചു. വികസിത ഭാരതത്തിലേക്കുള്ള രാജ്യത്തിൻറെ യാത്രയ്ക്ക് സഹായിക്കുന്ന വ്യക്തമായ കാഴ്ചപ്പാടുകളാണ് അഭിസംബോധനയിൽ ഉണ്ടായിരുന്നതെന്ന് അദ്ദേഹം പറഞ്ഞു. 25 കോടി ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാനും, 95 കോടി ജനങ്ങൾക്ക് സാമൂഹിക സുരക്ഷ ഉറപ്പു നൽകാനും സർക്കാരിന് സാധിച്ചതായും അദ്ദേഹം വ്യക്തമാക്കി. നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ ലോക്സഭയിൽ മറുപടി നൽകുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു.

**RIJIJU-RAHUL GANDHI ( INTRO)**

ലോക്സഭയിൽ നന്ദി പ്രമേയ ചർച്ചയ്ക്കിടെയുള്ള ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിയുടെ പരാമർശങ്ങളെ വിമർശിച്ച് കേന്ദ്ര പാർലമെൻ്ററികാര്യ മന്ത്രി കിരൺ റിജിജു. ശ്രീ.രാഹുൽ ഗാന്ധിയുടെ പരാമർശങ്ങൾ അനാവശ്യമാണെന്നും അദ്ദേഹം സഭയുടെ നിയമങ്ങൾ ലംഘിച്ചതായും ശ്രീ റിജിജു പറഞ്ഞു.

( വോയിസ്....)

രാഹുൽ ഗാന്ധിയുടെ പരാമർശം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് ലോക്സഭയിൽ പറഞ്ഞു. മുൻ കരസേനാ മേധാവി മനോജ് മുകുന്ദ് നരവണെയുടെ പ്രസിദ്ധീകരിക്കാത്ത ഓർമക്കുറിപ്പിലെ

പരാമർശങ്ങളാണ് ശ്രീ.രാഹുൽ ഗാന്ധി സഭയിൽ ഉന്നയിച്ചത്. ( **വോയിസ്.....**)

പരാമർശത്തിനെതിരെ ഭരണപക്ഷ അംഗങ്ങൾ ഒന്നടങ്കം രംഗത്തുവന്നതോടെ ലോക്സഭ പ്രക്ഷുബ്ധമായി. തുടർന്ന് രണ്ട് തവണ നിർത്തിവച്ച സഭ നാല് മണിയോടെ ഇന്നത്തേക്ക് പിരിയുകയായിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**ASWINI VAISHNAW ( INTRO)**

കേരളത്തിലെ റെയിൽവേ വികസനത്തിന് 3,795 കോടി രൂപയുടെ റെക്കോഡ് വിഹിതമാണ് ബജറ്റിൽ ഇക്കുറി അനുവദിച്ചിരിക്കുന്നതെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. 35 റെയിൽവേ സ്റ്റേഷനുകളുടെ പുനർവികസനം അടക്കം 18,000 കോടി രൂപയുടെ റെയിൽ വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കി വരികയാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അങ്കമാലി-ശബരി റെയിൽപ്പാതയ്ക്കുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ സംസ്ഥാന സർക്കാർ ആരംഭിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ്)

105 റെയിൽ ഓവർ ബ്രിഡ്ജുകളുടെ നിർമാണമടക്കം വിവിധ റെയിൽവേ വികസന പദ്ധതികൾക്കുള്ള സ്ഥലമേറ്റെടുക്കലിനായി സംസ്ഥാന സർക്കാരിൻറെ പിന്തുണ ആവശ്യപ്പെട്ടിട്ടുണ്ട്. അതിവേഗ ട്രെയിനുകളുടെ കാര്യത്തിൽ അടുത്ത ഘട്ടത്തിൽ കൂടുതൽ നഗരങ്ങളെ ഉൾപ്പെടുത്തും. മെട്രോമാൻ ഇ ശ്രീധരൻറെ പ്രവർത്തനങ്ങളെ എല്ലായ്പ്പോഴും പിന്തുണച്ചിട്ടുണ്ടെന്നും ശ്രീ അശ്വിനി വൈഷ്ണവ് ചോദ്യങ്ങൾക്കു മറുപടിയായി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## PRESIDENT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ആറ് ദിവസത്തെ ഒഡീഷ-ഛത്തീസ്ഗഡ് സന്ദർശനത്തിന് ഇന്ന് തുടക്കം. ബാലാസോറിലെ ഫകീർ മോഹൻ സർവകലാശാലയുടെ പന്ത്രണ്ടാമത് ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി നാളെ മുഖ്യാതിഥിയാകും.

☸☸☸☸☸☸☸☸☸☸☸☸☸

## JAISHANKAR - US VISIT

വിദേശകാര്യ മന്ത്രി എസ്.ജയശങ്കറിന്റെ മൂന്ന് ദിവസത്തെ യു.എസ് സന്ദർശനത്തിന് ഇന്ന് തുടക്കം. യു.എസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ വിളിച്ച 'ക്രിട്ടിക്കൽ മിനറൽസ് മന്ത്രിതല യോഗത്തിൽ കേന്ദ്രമന്ത്രി പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## SC-WATER DISPUTE

പെണ്ണയ്യാർ നദീജല തർക്കം പരിഹരിക്കുന്നതിന് ഒരു മാസത്തിനുള്ളിൽ ട്രൈബ്യൂണൽ രൂപീകരിക്കാൻ സുപ്രീം കോടതി കേന്ദ്ര സർക്കാറിന് നിർദേശം നൽകി. വെള്ളം പങ്കിടുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാടും കർണാടകയും തമ്മിൽ ദീർഘകാലമായി തർക്കം നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഉത്തരവ്. പെണ്ണയ്യാർ നദിയിൽ, കർണാടക ചെക്ക് ഡാമുകൾ സ്ഥാപിച്ച് വെള്ളം വഴിതിരിച്ചുവിട്ട നടപടി ചോദ്യം ചെയ്ത് 2018 ൽ തമിഴ്നാട് സർക്കാരാണ് ഹർജി ഫയൽ ചെയ്തത്.

☸☸☸☸☸☸☸☸☸☸☸☸☸

## KERALA ASSEMBLY ( INTRO)

സംസ്ഥാന ബജറ്റിൻമേലുള്ള പൊതു ചർച്ചയ്ക്ക് നിയമസഭയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഇന്ന്

തുടക്കം കുറിച്ചു. പോലീസിന്റെ പരോൾ നടപടികൾ സംബന്ധിച്ച ആരോപണങ്ങളിലെ അടിയന്തര പ്രമേയ നോട്ടീസ് സ്പീക്കർ തള്ളിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇന്ന് സഭാ നടപടികൾ ബഹിഷ്കരിച്ചു. പ്രതിപക്ഷത്ത് നിന്ന് കെ കെ രമയാണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി...**

**( വോയിസ്....)**

❁❁❁❁❁❁❁❁❁❁❁❁❁

## ANTONY RAJU

തൊണ്ടി മുതൽ തിരി മറിക്കേസിൽ മുൻ മന്ത്രി ആൻറണി രാജുവിൻറെ ശിക്ഷാ വിധി തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതി താത്കാലികമായി മരവിപ്പിച്ചു. ആൻറണി രാജു നൽകിയ ഹർജി പരിഗണിച്ചാണ് കേസിൽ അന്തിമ വിധി വരും വരെ ശിക്ഷാ വിധി മരവിപ്പിച്ചത്. ശിക്ഷാ വിധി മരവിപ്പിച്ചെങ്കിലും കുറ്റക്കാരനെന്ന കോടതി വിധിയും നിയമസഭാംഗത്വത്തിനുള്ള അയോഗ്യതയും നിലനിൽക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## VOTTERS LIST

സംസ്ഥാനത്ത് SIR ൻറെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസദ്ധീകരിക്കും. ഇതുവരെ ലഭിച്ച അംഗീകരിക്കപ്പെട്ട അപേക്ഷകൾ ഉൾപ്പെടുത്തിയാകും പട്ടിക പ്രസദ്ധീകരിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ അറിയിച്ചു. പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചെങ്കിലും പൊതുജനങ്ങൾക്ക് തുടർന്നും അപേക്ഷകൾ സമർപ്പിക്കാൻ അവസരമുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## MANDAVIYA-QUIZ

വിക്സിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് പരിപാടി വിജയകരമായതിന്റെ പശ്ചാത്തലത്തിൽ 'മൈ ഭാരത് ബജറ്റ് ക്വസ്റ്റ്' എന്ന പേരിൽ യുവാക്കൾക്കായി പുതിയ സംരംഭം ആരംഭിക്കാൻ കേന്ദ്ര സർക്കാർ. ഈ വർഷത്തെ കേന്ദ്ര ബജറ്റിനെ അടിസ്ഥാനമാക്കിയാണ് പരിപാടി സംഘടിപ്പിക്കുകയെന്ന് കേന്ദ്ര യുവജനകാര്യ, കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ അറിയിച്ചു. 30 ചോദ്യങ്ങളുള്ള ആദ്യ റൗണ്ട് ഓൺലൈൻ ക്വിസ് നാളെ മുതൽ മൈ ഭാരത് പ്ലാറ്റ്ഫോമിൽ ആരംഭിക്കും. ഈ മാസം 17 വരെ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## FACT CHECK – EMAIL

ഇ-പാൻ കാർഡ് ഡൌൺലോഡ് ചെയ്യാനാവശ്യപ്പെട്ട് പൊതുജനങ്ങൾക്ക് ലഭിക്കുന്ന ഇ-മെയിലുകൾ വ്യാജമെന്ന് കേന്ദ്ര സർക്കാർ. ഇ-മെയിലുകൾ വഴി വ്യക്തികളുടെ രഹസ്യവിവരങ്ങൾ ചോർത്തുന്ന 'ഫിഷിംഗ്" ശ്രമമാകാം ഇതെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാന്വേഷണ വിഭാഗം മുന്നറിയിപ്പ് നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിൽ നാളെ നടക്കുന്ന ക്വാർട്ടർ ഫൈനലിൽ ഗ്രൂപ്പ് ചാമ്പ്യന്മാരായ കേരളം അസമിനെ നേരിടും. അസമിലെ സിലാപത്തർ രാജീവ് ഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## IMD - WEATHER

ഡൽഹി, ഹരിയാന, പഞ്ചാബ്, ചണ്ഡീഗഢ്, കിഴക്കൻ രാജസ്ഥാൻ, പടിഞ്ഞാറൻ ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ വരും ദിവസങ്ങളിൽ കനത്ത മൂടൽ മഞ്ഞിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഡൽഹിയിൽ മൂടൽമഞ്ഞ് റെയിൽ, വ്യോമ ഗതാഗതത്തെ സാരമായി ബാധിച്ചു. ഉത്തരാഖണ്ഡ്, ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. പടിഞ്ഞാറൻ ഹിമാലയൻ മേഖലയിലും മഞ്ഞും മഴയും തുടരുമെന്ന് കാലാവസ്ഥാ വിഭാഗം അറിയിച്ചു.